കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൈലപ്ര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.പി.റ്റി.എ.പി.9/1116/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 09/11/2023
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൈലപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.9/1116/2023 തീയ്യതി: 09/11/2023

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്നിഗ്ദ്ധ എസ്	ഡെപ്യൂട്ടി ഡയറക്ടർ	25-10-2023	02-11-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-10-2023	02-11-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജി എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺകുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി ചന്ദ്രിക സുനിൽ	പ്രസിഡന്റ്	01-04-2022	02-02-2023
ശ്രീ. മാത്യു വർഗീസ്	പ്രസിഡന്റ്	02-02-2023	26-02-2023
ശ്രീമതി രജനി ജോസഫ്	പ്രസിഡന്റ്	27-02-2023	31-03-2023
ശ്രീ. ശ്രീകാന്ത് വി	സെക്രട്ടറി	01-04-2022	30-09-2022
ശ്രീ. സൈമൺ വർഗീസ്	സെക്രട്ടറി	01-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.അനിത വി	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2022	31-03-2023
ഡോ. ഷെറിൻ ജോസ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2022	31-03-2023
ഡോ.തൃശാല ആർ. ഐ.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	10-06-2022
ഡോ. സഗീത സത്യൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	11-06-2022	25-07-2022
ഡോ ജോവി ജോൺ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	26-07-2022	31-03-2023
ശ്രീ. ജി. സുരേഷ് ബാബു	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	18-01-2023
ശ്രീമതി സബീന റ്റി.കെ.	അസിസ്റ്റന്റ് സെക്രട്ടറി	19-01-2023	05-02-2023
ശ്രീ. ബിജു ബി	അസിസ്റ്റന്റ് സെക്രട്ടറി	06-02-2023	31-03-2023

ശ്രീമതി സൂസൻ പി ഐസക്ക്	വെറ്റിനറി സർജൻ	01-04-2022	31-03-2023
ശ്രീമതി ശാരിക സി.ജി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023
ശ്രീമതി സൗമ്യ ഉത്തമൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	31-03-2023
ശ്രീമതി നീതു കൃഷ്ണൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023
ശ്രീമതി സുലജ പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീ സുരേഷ് കുമാർ	ഫിഷറീസ് ഓഫീസർ	01-04-2022	31-03-2023
ശ്രീമതി മീന മേരി മാത്യു	കൃഷി ഓഫീസർ	01-04-2022	10-07-2022
ശ്രീ ഷിബിൻ ഷാജ്	കൃഷി ഓഫീസർ	11-07-2022	03-08-2022
ശ്രീമതി നിമിഷ അന്ന മറിയം	കൃഷി ഓഫീസർ	04-08-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-3
5	ഹെൽത്ത് ഗ്രാന്റ് തെറ്റായ ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു	1-1-4
6	സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ആകെ നീക്കിയിരിപ്പ് തുകയും ബാങ്ക് ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-5
7	ലോൺ നീക്കിയിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-6
8	വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.	1-1-7
9	വസ്തുനികുതി ഡിമാന്റ് രേഖപ്പെടുത്തൽ യഥാസമയം നടത്തുന്നില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഗ്രാന്റ് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	ക്ഷേമപദ്ധതികൾ	1-6
15	തൊഴിലുറപ്പ് പദ്ധതി	1-7
16	ക്യാഷ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9

18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം	1-11-1
20	നികുതി വരുമാനം	1-11-2
21	നികുതിയേതര വരുമാനം	1-11-3
22	തനത് വിഭവ സമാഹരണം-അവലോകനം	1-11
23	ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക 2.36 ലക്ഷം രൂപ	1-12
24	ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരേ നടപടിയില്ല	1-13
25	വസ്തു നികുതിയിൻമേൽ സേവന ഉപനികുതി ചുമത്തി തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടിയില്ല	1-14
26	ഗ്രാമപഞ്ചായത്ത് ഗുരുതര സാമ്പത്തിക പ്രതിസന്ധിയിൽ - റവന്യൂ കമ്മി 76.9 ലക്ഷം രൂപ	1-15
27	ടോയ്‌ലറ്റ് നിർമ്മിച്ചുവെങ്കിലും വാട്ടർ കണക്ഷൻ എടുത്തിട്ടില്ല- 1.15 ലക്ഷം രൂപയുടെ ചെലവിന് ഫലപ്രാപ്തിയില്ല	1-16
28	ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യാത്തതിനാൽ 4.36ലക്ഷം രൂപ ചെലവഴിച്ച കെട്ടിടം ഉപയോഗിക്കുവാൻ കഴിയുന്നില്ല	1-17
29	റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ പൂർത്തിയായില്ല	1-18
30	ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുകൾ നിലയിൽ എം.സി.എഫ് കെട്ടിട നിർമ്മാണം	1-19
31	സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സംവിധാനം നടപ്പിലായില്ല	1-20
32	അനർഹമായി നൽകിയ പെൻഷൻ തുക തിരികെ ഒടുക്കി	1-21
33	പി.എച്ച്.സി-ക്ക് 2022-23 വർഷം വാങ്ങിയ റിവോൾവിംഗ് ചെയറുകൾ ഉപയോഗശൂന്യമായ നിലയിൽ	1-22
34	വെതർസ്റ്റേഷൻ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്	1-23

35	ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല	1-24
36	ഹോമിയോ മരുന്നു വാങ്ങൽ -മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല	1-25
37	നിർവ്വഹണോദ്യോഗസ്ഥർ ഫോറം 7എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല	1-26
38	പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ -മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല	1-27
39	അഗതിരഹിത കേരളം-സമ്പൂർണ്ണലക്ഷ്യം കൈവരിച്ചിട്ടില്ല	1-28
40	കാലാവസ്ഥാ വ്യതിയാനം -പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ല	1-29
41	സദ്ഭരണ പദ്ധതി നടപ്പിലാക്കിയിട്ടില്ല	1-30
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10-07-2023 ലെ 2/1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 11-07-2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെകുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട
09-11-2023

ഡെപ്യൂട്ടി ഡയറക്ടർ, ജില്ല ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

1-1-1 കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -തുകകൾ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2004889 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4729829 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

1-1-4 ഹെൽത്ത് ഗ്രാന്റ് തെറ്റായ ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു

ഷെഡ്യൂൾ B4:- ഗ്രാന്റ് ഫോർ സ്പെസിഫിക് പർപ്പസസ്- ഹെൽത്ത് ഗ്രാന്റ് ടുവാർഡ്സ് കൺവേർഷൻ ഓഫ് പിഎച്ച്സി ആൻഡ് സബ്സെന്ററർസ് ഇൻ ടു ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ- എന്ന ഇനത്തിൽ ബാങ്ക്പാസ്സ്ബുക്ക് പ്രകാരം 990 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ടി തുക വാർഷികകണക്കിൽ ബന്ധപ്പെട്ട ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. പകരം നാഷണൽ റൂറൽ ഹെൽത്ത് മിഷൻ എന്ന ഹെഡിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഹെൽത്ത് ഗ്രാന്റ് ടുവാർഡ്സ് കൺവേർഷൻ സപ്പോർട്ട് ഫോർ ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ ടു പ്രൈമറി ഹെൽത്ത്കെയർ ഫെസിലിറ്റിസ് ഓഫ് സബ്സെന്ററർ- എന്ന ഇനത്തിൽ ബാങ്ക്പാസ്സ്ബുക്ക് പ്രകാരം 210882 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ടി തുക വാർഷികകണക്കിൽ ബന്ധപ്പെട്ട ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. പകരം നാഷണൽ ഹെൽത്ത് മിഷൻ എന്ന ഹെഡിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-1-5 സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ആകെ നീക്കിയിരിപ്പ് തുകയും ബാങ്ക് ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഷെഡ്യൂൾ ബി-4-ഡെവലപ്മെന്റ് ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ബേസിക് ടാക്സ്ഗ്രാന്റ് (Code No- 320200104), ഡെവലപ്മെന്റ് ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് (Code No- 320200113) എന്നീ ഇനങ്ങളിലെ ആകെ നീക്കിയിരിപ്പ് തുകയും (1958278) ഷെഡ്യൂൾ ബി-17 ലെ ബാങ്ക് ബാലൻസ് തുകയും (1975258) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-6 ലോൺ നീക്കിയിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-5- സെക്യൂർഡ് ലോൺസ്-ലോൺ ഫ്രം സ്റ്റേറ്റ് കെ.യു.ആർഡി.എഫ്.സി (Code No-330500201)-ൽ 850854 രൂപ ലോൺ തിരിച്ചടവിന്റെ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു. എന്നാൽ രജിസ്റ്റർ

പ്രകാരം നീക്കിയിരിപ്പ് 682854 രൂപയാണ്.

1-1-7 വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഷെഡ്യൂൾ ബി-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-45), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-8 വസ്തുനികുതി ഡിമാന്റ് രേഖപ്പെടുത്തൽ യഥാസമയം നടത്തുന്നില്ല

ഷെഡ്യൂൾ ഐ-1- വസ്തുനികുതി ഡിമാന്റ് രേഖപ്പെടുത്തൽ യഥാസമയം നടത്തുന്നില്ല. ഷെഡ്യൂളിലെ രേഖപ്പെടുത്തലുകൾ പ്രകാരം 31.03.2023-ലാണ് ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുള്ളത്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 25.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

മുന്നിരിപ്പ്	771201
വരവ്	96484000
ആകെ	97255201
ചെലവ്	94375804
നീക്കിയിരിപ്പ്	2879397

പരിഷ്കരിച്ച ബജറ്റ് 08.03.2023 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് &പേയ്മെന്റ് അക്കൗണ്ട്)

മുന്നിരിപ്പ്	3705420

വരവ്	22059274
ആകെ	25764694
ചെലവ്	20054385
നീക്കിയിരിപ്പ്	25764694

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

വരവ്	65713247
ചെലവ്	67172359

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്	ലാപ്സായതുക
വികസനഫണ്ട് (ജനറൽ)	0	7261000	7261000	6363366	-	897634
വികസനഫണ്ട് (SCP)	0	2849000	2849000	2559944	-	289056
വികസനഫണ്ട്(TSP)	0	0	0	0	-	O
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	753138	2899156	3652294	2293047	1359247	
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	205327	2646453	2851780	2263248	588532	
ഹെൽത്ത് ഗ്രാന്റ് (Towards Support For Diagnostic Infrastructure To PHCs)	0	210882	210882	0	210882	
ഹെൽത്ത് ഗ്രാന്റ് (Towards Conversion Of PHCs And Subcentres In To Health And Wellness Centre)	0	80723	80723	79773	990	

മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	7018000	7018000	6385891		632109
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	4570000	4570000	3218132		1381868
സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)						
ടോട്ടൽ സാനിട്ടേഷൻ	311428	130000	441428	130000	311428	
ശുചിത്വ മിഷൻ	1694095	29339	1723434	542142	1181292	
ലൈഫ്- സംസ്ഥാന വിഹിതം	100000	800000	900000	100000	800000	
കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)						
എം.ജി.എൻ.ആർ.ഇ.ജി.എസ്.	2154	14772004	14774158	14769879	4279	
ഐ.സി.ഡി.എസ്.	565523	400552	966076	282578	683497	
പി.ബി.ഐ.ജി	268094	0	268094	0	268094	
എസ്.ബി.എം.ഫേസ് 11	291618	0	291618	0	291618	
ഉറവിട മാലിന്യ സംസ്കരണം	866580	0	866580	0	866580	

1-5 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
133	45580642	106	26044362	0	27	57

2. 3. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
1	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	2	2	700000	700000
2	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	7	6	969521	735533
3	മെഡിക്കൽ ഓഫീസർ ഹോമിയോ	1	1	200000	200000
4	കൃഷി ഓഫീസർ	9	9	4146590	1058225
5	സെക്രട്ടറി	36	26	9322078	5198660
6	വെറ്ററിനറി സർജൻ	7	7	499874	377274
7	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	14	10	14259806	7155490
8	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	9	7	3329498	2073836
9	ഡയറിഫാം ഇൻസ്ട്രക്ടർ	2	2	300000	300000
10	അസിസ്റ്റന്റ് സെക്രട്ടറി	7	6	973506	761042

11	അസിസ്റ്റന്റ് എഞ്ചിനീയർ	38	32	10779769	7452302
12	ഫിഷറീസ് ഓഫീസർ	1	1	100000	32000
	ആകെ	133	106	45580642	26044362

1-6 ക്ഷേമപദ്ധതികൾ

പെൻഷൻ ഇനം	ചെലവ്	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	1152800	101
മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	1112700	93
വിധവാ പെൻഷൻ	3775600	931
വാർദ്ധക്യകാല പെൻഷൻ	10295700	340
അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	124800	11

തൊഴിൽ രഹിത വേതനം	0	0

1-7 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരംചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	2154	934229	936863	932104	4279
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	13837775	13837775	13837775	0
ആകെ	2154	14772004	14774158	14769879	4279

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2957/- (രണ്ടായിരത്തിതൊള്ളായിരത്തി അൻപത്തിയേഴ്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാരുടെ ചുമതലാ വിഭജനം നടത്തിവരുന്നുണ്ട്. ഇംകുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മറ്റി, ജനറൽ കമ്മറ്റി എന്നിവയുടെ മിനിട്ട്സുകൾ യഥാവിധി പരിപാലിച്ചു പോരുന്നുണ്ട്. ഗ്രാമസഭയിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നുണ്ട്. വർക്കിംഗ് കമ്മറ്റി മിനിട്ട്സ് പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	25.04.2019	2014-15--2018-19	24.05.2019
പെർഫോമൻസ് ഓഡിറ്റ്	25.10.2021-26.10.2021	02/2020-03/2021	ലഭിച്ചിട്ടില്ല

1-11-1 ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ എല്ലാ സ്ഥാപനങ്ങളിലും പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നോട്ടീസ് നൽകുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. അനധികൃത കെട്ടിടങ്ങൾ കണ്ടെത്തി നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുവാനും ഗ്രാമപഞ്ചായത്തിൽ നിന്നും നിയമാനുസൃത പെർമിറ്റ് വാങ്ങാതെ ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം എടുത്തിരുന്നു(05.11.22-ലെ III(1)(2)(4)-ാം നമ്പർ തീരുമാനങ്ങൾ). എന്നാൽ 2022-23 വർഷം ഈ തീരുമാനങ്ങൾ ഒന്നും തന്നെ നടപ്പിലായിട്ടില്ല. ഗ്രാമപഞ്ചായത്തിൽ വസ്തു നികുതിയിൻമേൽ സേവന നികുതി ഈടാക്കുന്നില്ല. പൊതുജനങ്ങളുടെ മേലുള്ള നികുതി ഭാരം വർദ്ധിപ്പിക്കേണ്ട എന്നതിനാൽ സേവന നികുതി ഈടാക്കേണ്ടതില്ല എന്നും തീരുമാനമെടുത്തിട്ടുണ്ട് (26/04/23-2(2). നികുതി/ നികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് തീരുമാനം എടുക്കുന്നുണ്ടെങ്കിലും ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

1-11-2 നികുതി വരുമാനം

1) വസ്തുനികുതി

എ) പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ അന്തരം

ബജറ്റ് പ്രകാരമുള്ള വസ്തു നികുതി പ്രതീക്ഷിത വരവും യഥാർത്ഥ വരവും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ്	4300000
Ilgms പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്	3325791

ബി) തൻ വർഷത്തെ വസ്തു നികുതി പിരിവ്

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിശദാംശം ചുവടെ ചേർക്കുന്നു.

ഡിമാന്റ്	കളക്ഷൻ	ബാലൻസ്
3704867	3381616	323251

ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകൾ ഉൾപ്പടെയുള്ളവയുടെ നികുതി കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുവാൻ റവന്യു റിക്കവറി ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് മറുപടിയായി അറിയിച്ചു. ഓൺലൈനായി പൊതുജനങ്ങൾക്ക് വസ്തു നികുതി നേരിട്ട് ഒടുക്കുന്നതിനായി SBI E-PAYMENT സംവിധാനമുണ്ട്. എന്നാൽ ഇത്തരം പണമിടപാടുകൾ ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നതിന് കാലതാമസം വരുന്നുണ്ട്. ഐ.കെ.എം. ഓൺലൈൻ ട്രാൻസാക്ഷൻ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നത് വൈകുന്നതാണ് കാരണമെന്ന് അക്കൗണ്ടന്റ് അറിയിച്ചിട്ടുണ്ട്.

സി) പുതുക്കിയ വസ്തു നികുതി

01.04.2023 മുതൽ പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ (കൈ) നം.77/2023/തസ്വഭവ തീയതി 22.03.2023 പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്നത് 01.04.2023 മുതലാണ്. ജി.ഒ(എം.എസ്.) 25/2023/തസ്വഭവ തീയതി 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് അന്തിമ വിജ്ഞാപനം 21-09-2023-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ.(കൈ)നം.77/2023/തസ്വഭവ തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല. അനധികൃതമായ നിരവധി നിർമ്മിതികൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ടെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഫീൽഡ് പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ നികുതി നിർണ്ണയത്തിനുശേഷമുള്ള കൂട്ടിച്ചേർക്കലുകൾ നിമിത്തം നികുതി ഇനത്തിൽ നഷ്ടമുണ്ടായത് ഒഴിവാക്കി വരുമാനവർദ്ധനവ് നേടാനാവുന്നതാണ്. പ്രദേശത്തിന്റെ വികസനസ്ഥിതി, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാവിഭജനം നടത്തിയിട്ടുണ്ടെങ്കിലും ഇപ്രകാരമുള്ള വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

ഡി) **സേവന ഉപനികുതി ചുമത്തിയിട്ടില്ല**

ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പു പ്രകാരം സേവന ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ നൽകുകയാണങ്കിൽ ഗ്രാമപ്പഞ്ചായത്ത് അംഗീകരിക്കുന്ന

നിരക്കിൽ സേവന ഉപനികുതികൾ ചുമത്താവുന്നതാണന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലയെന്നും 2011-ലെ കേരള പഞ്ചായത്തിരാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 26-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. തനത് വരുമാനം വളരെ കുറവുള്ള ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ചുമത്തിയിട്ടില്ല.

ഇ) അനധികൃത നിർമ്മാണങ്ങൾ

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് U.A എന്നു രേഖപ്പെടുത്തി അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും ഉൾപ്പെടുത്തിയാണ് കെട്ടിട നമ്പർ നൽകേണ്ടത്. ഇതനുസരിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കൃത്യമായ പരിശോധന നടത്തി അപ്ഡേറ്റ് ചെയ്യുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 6 കെട്ടിടങ്ങളെ അനധികൃത നിർമ്മാണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പാർപ്പിടാവശ്യത്തിനുള്ള ഈ അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി നിയമപ്രകാരം ഈടാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018(SRO No.96/2018-15.02.2018) പ്രകാരം 31.07.2017 നു മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു. ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

2. തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ - സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ

മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കോവിഡ്-19 മഹാമാരിക്ക് ശേഷം നിരവധി ആളുകൾ ഓൺലൈൻ സംവിധാനത്തിലൂടെ (Work From Home) ജോലി ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള എല്ലാ പ്രൊഫഷണലുകളേയും ഉൾപ്പെടുത്തി സമ്പൂർണ്ണ ഡാറ്റാബെയ്സ് തയ്യാറാക്കി നികുതിചോർച്ച ഒഴിവാക്കാവുന്നതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻ കടകളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

3. വിനോദ നികുതി

കേബിൾ.ടി.വി. നെറ്റ് വർക്ക് ദാതാക്കൾ ഉണ്ടെങ്കിൽ അവരിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനായി ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

1-11-3 നികുതിയേതര വരുമാനം

1) എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് പൂർണ്ണമല്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല

(ഉദാ;എ.വി.ജെ മോട്ടോഴ്സ്). ലൈസൻസിനുള്ള മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പിക്കുവാൻ സാധിക്കുന്നില്ല. ഐ.എൽ.ജി.എം.എസ്. മുഖേനയുള്ള ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകൾ മാത്രം അപ്ലോഡ് ചെയ്തിരിക്കുന്നതായി കാണുന്നു. അനുബന്ധ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE&OS ലൈസൻസ് ഫീസുകൾ അത്തരം സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യം പരിശോധിക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

2) വാടക/ലേലം

ഗ്രാമപഞ്ചായത്ത് വക മാർക്കറ്റിലെ കടമുറികളുടെ വാടക, മാർക്കറ്റ് ലേലം എന്നിവയുടെ ഡിമാന്റ് തുക ഈടാക്കിയിട്ടുണ്ട്. മാർക്കറ്റിലെ എല്ലാ കടമുറികളും കാർഷിക വിപണന കേന്ദ്രങ്ങളും ഉപയോഗക്ഷമമാക്കുവാനും അതുവഴി തനത് വരുമാനം വർദ്ധിപ്പിക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.

1) ഗ്രാമപഞ്ചായത്തിന് പരസ്യനികുതിയിൽ നിന്നുള്ള ജി.എസ്.റ്റി. വരുമാനം നിലവിൽ ലഭ്യമാകുന്നില്ല. വൻകിട പരസ്യ കമ്പിനികൾ അവരുടെ പരസ്യ ബോർഡുകൾ പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പരസ്യബോർഡുകൾ സംബന്ധിച്ച് സൂചനയുണ്ടെങ്കിലും ആയത് സ്ഥാപിക്കുന്ന സമയത്ത് ഫീസ് ഈടാക്കുന്നതിന് വ്യവസ്ഥയില്ല. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

2) ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

3)കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിക്കാവുന്നതാണ്.

4) സേവന നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

5)വസ്തുനികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി .ഐ. എസ് അധിഷ്ഠിത വിവര സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

6) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. ട്രഡേഴ്സ് ലിസ്റ്റ് കാലികമാക്കുവാനും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

9)ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ (കൈ) നം. 84/22 തസ്വഭവ തീയതി 19/04/2022)ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതാണ്.

1-11 തനത് വിഭവ സമാഹരണം-അവലോകനം

ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി തനത് വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടില്ല. ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ

സ്വീകരിക്കേണ്ടതുണ്ട്, ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-12 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക 2.36 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തു നികുതി ഒടുക്കിയിട്ടില്ല. 2013-14 മുതൽ നാളിതുവരെയുള്ള വസ്തു നികുതി കുടിശ്ശികയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

മൊബൈൽ ടവറിന്റെ വിശദാംശം	കുടിശ്ശിക കാലയളവ്	ഒടുക്കുവാനുള്ള വസ്തു നികുതി
ബി.എസ്.എൻ.എൽ ടവർ, VIII/42A	2013-14മുതൽ 2022-23 വരെ	235690

കെട്ടിടത്തിന്റെ മുകളിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറിന്റെ വിസ്തീർണ്ണം സംബന്ധിച്ച തർക്കം കാരണമാണ് വസ്തു നികുതി ഒടുക്കാതിരിക്കുന്നത് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിരിക്കുന്നത്. ഈ വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-13 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരേ നടപടിയില്ല

കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരേ നടപടി സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രഡേഴ്സ് ലിസ്റ്റിൽ 121 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഈ ട്രഡേഴ്സ് ലിസ്റ്റ് തന്നെ അപൂർണ്ണമാണെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുമുണ്ട്. 2022-23 വർഷം 104 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എ.വി.ജെ മോട്ടോഴ്സ് എന്ന സ്ഥാപനം 2022-23, 2023-24 വർഷങ്ങളിൽ ലൈസൻസ് എടുത്തിട്ടില്ല. ഈ സ്ഥാപനത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ലഭിച്ചിരുന്നില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരേ ഗ്രാമപഞ്ചായത്ത് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ഈ സ്ഥാപനത്തിന്റെ വസ്തു നികുതിയും കുടിശ്ശികയായിരിക്കുകയാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ ഒന്നും തന്നെ ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും വാർഡിന്റെ ചുമതലയുള്ള ക്ലാർക്കുമാർ മുഖേന ഫീൽഡ് പരിശോധന നടത്തണമെന്നുമുള്ള ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനവും നടപ്പിലായിട്ടില്ല.

2) <u>ലൈസൻസ് യഥാസമയം പുതുക്കുന്നില്ല</u>

2022-23 സാമ്പത്തിക വർഷം 104 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിരുന്നു. ഇവയിൽ 7 സ്ഥാപനങ്ങൾ മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ ഫീസ് അടവാക്കി ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്തധികൃതർ സ്വീകരിക്കേണ്ടതാണ്.

3) <u>ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലായില്ല</u>

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്ക്കർഷിക്കുകയും പട്ടിക 2-ലെ ലൈസൻസ് ഫീസ് തുകകളിൽ മാറ്റം വരുത്തുകയും ചെയ്തു. എന്നാൽ 2022-23 വർഷത്തെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസിനായി സമർപ്പിക്കുന്ന മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളെ

മൈക്രോ, മിനി, മീഡിയം, ലാർജ് എന്നിങ്ങനെ തരംതിരിക്കുകയും ഉൽപ്പാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-14 വസ്തു നികുതിയിൻമേൽ സേവന ഉപനികുതി ചുമത്തി തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടിയില്ല

2011-ലെ കേരള കേരളാ പഞ്ചായത്തിരാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 27-ാം ചട്ടത്തിൽ ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പു പ്രകാരം സേവന ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ നൽകുകയാണെങ്കിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്ന നിരക്കിൽ സേവന ഉപനികുതികൾ ചുമത്താവുന്നതാണന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലയെന്നും വ്യവസ്ഥ ചെയ്യുന്നു. 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	വസ്തു നികുതിയുടെ നിശ്ചിത ശതമാനം
ശുചിത്വ പരിപാലനം	4%
ജലവിതരണം	3%
തെരുവു വിളക്കുകൾ	2%
ഡ്രെയിനേജ്	1%

ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളുടെ പരിപാലനം തുടങ്ങിയ സേവനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപയാണ് ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നത്. ഇതനുസരിച്ച് വസ്തു നികുതിയിൻമേൽ ഏറ്റവും കുറഞ്ഞത് 10ശതമാനമെങ്കിലും സേവന നികുതി ഈടാക്കാമായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം എസ്റ്റാബ്ലിഷ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ ചെയ്യുന്നതിന് പര്യാപ്തമല്ല. 2022-23 വർഷം 1462766 രൂപ ഗ്യാപ് ഫണ്ട് അനുവദിച്ചിരുന്നു. തനത് വരുമാനം വളരെ കുറവായിട്ടും വസ്തു നികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കേണ്ടതില്ലെന്നാണ് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ലാത്തതിനാൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ടി നിർദ്ദേശം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-15 ഗ്രാമപഞ്ചായത്ത് ഗുരുതര സാമ്പത്തിക പ്രതിസന്ധിയിൽ - റവന്യൂ കമ്മി 76.9 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമായ നിലയിലാണ്. സർക്കാർ ഗ്രാന്റ് ഉപയോഗിച്ചാണ് തനത് ചെലവുകൾ നടത്തുന്നത്. 2022-23 സാമ്പത്തിക വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തനത് വരുമാനവും ചെലവുകളും ചുവടെ പറയും പ്രകാരമാണ്.

തനത് വരുമാനം	തുക	തനത് ചെലവുകൾ	തുക
നികുതി വരുമാനം	4208641	എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	11132371
നികുതിയേതരം	931395	ഭരണപരമായ ചെലവുകൾ	475474
മറ്റ് വരവുകൾ	15883	പ്രവർത്തനചെലവുകളും പരിപാലനവും	1244816
ആകെ	5155919		12852661

2022-23 സാമ്പത്തിക വർഷം തനത് വരുമാനത്തെക്കാൾ വളരെയധികം ഉയർന്ന നിരക്കിലാണ് തനത് ഫണ്ടിനത്തിലുള്ള ചെലവ്. 7696742 രൂപയാണ് ഗ്രാമപഞ്ചായത്തിന്റെ റവന്യൂക്കമ്മി. 5134800 രൂപ ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 2022-23 സാമ്പത്തിക വർഷം ലഭിച്ചു. 1462766 രൂപ ഗ്യാപ് ഫണ്ടും 2022-23 വർഷം

അനുവദിച്ചു. തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കേണ്ടി വരുന്ന സാഹചര്യമാണ്. പെൻഷൻ കോൺട്രിബ്യൂഷൻ പോലുള്ള ബാധ്യതകൾ കൃത്യമായി ഒടുക്കുവാൻ കഴിയാത്ത സാഹചര്യവുമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നികുതി/ നികുതിയേതര ഇനത്തിലുള്ള വരുമാനം വളരെ കുറവായതിനാൽ ജീവനക്കാരുടെ ശമ്പളം, മെമ്പർമാരുടെ ഓണറേറിയം തുടങ്ങിയ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ്, പൊതുടാപ്പുകളുടെ വെള്ളക്കരം, വാഹനചെലവുകൾ തുടങ്ങിയ പ്രവർത്തന ചെലവുകൾക്കും മറ്റ് ഭരണപരമായ ചെലവുകൾക്കും ആവശ്യമായ തുക ലഭ്യമല്ല. ജനറൽ പർപ്പസ് ഫണ്ടിനത്തിലുള്ള സർക്കാർ ഗ്രാന്റ് ലഭ്യമാകുന്നതു മൂലവുമാണ് ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ നടത്താൻ കഴിയുന്നത്.

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും അനിവാര്യചുമതലകളും മേഖലാ ചുമതലകളും നിർവ്വഹിക്കുന്നതിനും സ്ഥാപനത്തിന്റെ തനത് വരുമാനം പര്യാപ്തമല്ല. പ്രസ്തുത സാഹചര്യത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടത് അനിവാര്യമാണ്. നികുതി/നികുതിയേതര വരുമാനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്നതിനും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

<u>1-16 ടോയ്‌ലറ്റ് നിർമ്മിച്ചുവെങ്കിലും വാട്ടർ കണക്ഷൻ എടുത്തിട്ടില്ല- 1.15 ലക്ഷം രൂപയുടെ ചെലവിന് ഫലപ്രാപ്തിയില്ല</u>

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.92/2023 പ്രകാരം മേക്കോഴൂർ വായനശാലയ്ക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 115537 രൂപ ചെലവഴിച്ചിട്ടുണ്ട്. വായനശാലയ്ക്കും വായനശാലയുടെ ഒരു മുറിയിൽ പ്രവർത്തിക്കുന്ന അങ്കണവാടിയ്ക്കും കൂടിയാണ് ടോയ്‌ലറ്റ് നിർമ്മിച്ചിരിക്കുന്നത്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിന് പ്രൊവിഷൻ നൽകിയിരുന്നില്ല. വാട്ടർ കണക്ഷൻ ഇല്ലാത്തതിനാൽ 1.15 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ ഈ ടോയ്‌ലറ്റ് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. വാട്ടർ കണക്ഷൻ എടുക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടുമില്ല. അങ്കണവാടിയ്ക്ക് വാട്ടർ കണക്ഷനില്ലാത്തതിനാൽ സമീപത്തെ വീട്ടിൽ നിന്നുമാണ് ജലം ശേഖരിക്കുന്നത്.

പൊതു പണം ചെലവഴിച്ച് സൃഷ്ടിക്കുന്ന ഒരു ആസ്തി ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തത് വളരെ ഗൗരവകരമാണ്. ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-17 ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യാത്തതിനാൽ 4.36ലക്ഷം രൂപ ചെലവഴിച്ച കെട്ടിടം ഉപയോഗിക്കുവാൻ കഴിയുന്നില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.124/2023 പ്രകാരം മൈലപ്ര പി.എച്ച്.സി-യ്ക്ക് അധിക സൗകര്യങ്ങൾ ഒരുക്കുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 795585 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും 436864 രൂപ തൻവർഷം ചെലവഴിക്കുകയുമുണ്ടായി. പ്രോജക്ടിന്റെ ഭാഗമായി പി.എച്ച്.സി കെട്ടിടത്തിന്റെ സ്ട്രസ് വർക്ക് ചെയ്തിരുന്ന ഒന്നാം നിലയിൽ ഭിത്തി കെട്ടി പാലിയേറ്റീവ് കെയർ, നെഴ്സിങ് റൂം, എന്നിവയ്ക്കായി പാർട്ടീഷൻ ചെയ്യുകയും തറയിൽ ടൈൽ വിരിക്കുകയും കെട്ടിടം പെയിന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുള്ള പ്രൊവിഷൻ നൽകിയിരുന്നില്ല. ഇതുമൂലം കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുകയാണ്. കെട്ടിട നിർമ്മാണങ്ങളുടെ കാര്യത്തിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി നടപ്പിലാക്കണമെന്ന പദ്ധതി മാർഗ്ഗരേഖയിലെ (ഖ. 3-5(8) നിർദ്ദേശം പാലിച്ചിട്ടില്ല.

ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-18 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ പൂർത്തിയായില്ല

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കേണ്ടതും ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കേണ്ടതുമാണ്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മറ്റിയുടെ 14.9.21 ലെ യോഗത്തിന്റെ 4.11 നമ്പർ തീരുമാനപ്രകാരം വാർഡ് ഒന്നിന് 3000/- രൂപ നിരക്കിൽ KSREC തയ്യാറാക്കിയ R- TRACK ആപ്പ് ഉപയോഗിച്ച് റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാനും നിർദ്ദേശിച്ചിരുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം വികസന ഫണ്ടിൽ നിന്നും 39000 രൂപ വകയിരുത്തി

പ്രോജക്റ്റ് ആവിഷ്കരിച്ച് 15600 രൂപ വേതനം ഇനത്തിൽ ചെലവഴിച്ചുവെങ്കിലും പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ല. സോഫ്റ്റ്‌വെയറിനുണ്ടായ സാങ്കേതിക പ്രശ്നം കാരണമാണ് പ്രോജക്റ്റ് പൂർത്തീകരിക്കുവാൻ കഴിയാതിരുന്നത് എന്നും നിലവിൽ ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട് എന്നും അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുകൾ നിലയിൽ എം.സി.എഫ് കെട്ടിട നിർമ്മാണം

സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ എം.സി.എഫ് -ന് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ) കെട്ടിടം നിർമ്മിച്ചതുവഴി ശുചിത്വ മിഷൻ ഫണ്ടിൽ നിന്നുള്ള 9.08 ലക്ഷം രൂപയുടെ ചെലവ് പാഴായി.

2021-22 വർഷം എം.സി.എഫ്. കെട്ടിട നിർമ്മാണത്തിനായി അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലാണ് പ്രോജക്റ്റ് പ്രകാരം എം.സി.എഫ് കെട്ടിടം നിർമ്മിച്ചത്. ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും 908382 രൂപയാണ് പ്രോജക്റ്റിനായി ചെലവഴിച്ചത്.

പ്രോജക്റ്റ്	തുക	ചെക്ക് നം/ തീയതി
എം.സി.എഫ് കെട്ടിട നിർമ്മാണം, 118/2021-22	700000	149715/24.12.21
	208382	149743/11.02.22

ഹരിത കർമ്മസേന മുഖേന ഗാർഹിക/സ്ഥാപന തലത്തിൽ ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിനും തരം തിരിച്ച് സൂക്ഷിക്കുന്നതിനുമായുള്ള എം.സി.എഫ് കെട്ടിടമാണ് ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുകളിലത്തെ നിലയിൽ നിർമ്മിച്ചത്. പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്ന ഇത്തരം കേന്ദ്രങ്ങളിൽ തീപിടിത്തം ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണന്നതിനാൽ പ്രസ്തുത കേന്ദ്രങ്ങളിൽ ഉണ്ടാകേണ്ട സുരക്ഷാ സജ്ജീകരണം സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ(ആർ.റ്റി)113/21/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് മുകളിൽ എം.എസി.എഫ് കെട്ടിടം നിർമ്മിക്കുക എന്നത് തീർത്തും ഒഴിവാക്കേണ്ടതായിരുന്നു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ പ്ലാസ്റ്റിക്

ശേഖരിച്ച് സൂക്ഷിക്കുന്നത് പിന്നീട് വാടക കെട്ടിടത്തിലേയ്ക്ക് മാറ്റുകയും ചെയ്തു. ദീർഘ വീക്ഷണമില്ലാതെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവുകൾ പാലിക്കാതെയുമാണ് ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുകളിൽ എം.സി.എഫ് കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചത്. ഇതുമൂലം ശുചിത്വ മിഷൻ ഫണ്ടിൽ നിന്നുള്ള 9.08ലക്ഷം രൂപയുടെ ചെലവ് പാഴായി. പദ്ധതി ആസൂത്രണത്തിലുള്ള പാളിച്ചയാണ് ഇത്തരത്തിലുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുവാൻ ഇടയാക്കുന്നത്. ഈ വിഷയം തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-20 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സംവിധാനം നടപ്പിലായില്ല

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണെന്നും 2022-23 വർഷം തന്നെ സ്മാർട്ട് ഗാർബേജ് ആപ്പ്(ഹരിതമിത്രം) പ്രവർത്തനക്ഷമ മാക്കേണ്ടതാണെന്നും സ.ഉ.(കൈ.)നം.115/2022/തസ്വഭവ തീയതി:28.05.2022 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് ആവിഷ്ക്കരിച്ചുവെങ്കിലും നടപ്പിലായില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/25.10.2023) 2022-23-വർഷം പ്രോജക്ട് നടപ്പിലാക്കുന്നതിനായി മതിയായ ഫണ്ട് ലഭ്യമായിരുന്നില്ലെന്നും സ്പിൽ ഓവർ പ്രോജക്ട് ആയി നടപ്പിലാക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-21 അനർഹമായി നൽകിയ പെൻഷൻ തുക തിരികെ ഒടുക്കി

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താവിന്റെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.14/01.11.2023) നൽകിയതിനെ തുടർന്ന് പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യുകയും ഗുണഭോക്താവിന്റെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് കൈമാറിയ 46200 രൂപ തിരികെ ഈടാക്കി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ അടവാക്കുകയും ചെയ്തു(UTR No. 123305714848).

ക്രമ നം.	പേര്	പെൻഷൻ ID	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	കൈമാറിയ തുക
1	ഏലിയാമ്മ	104090200291	ദേശീയ വാർദ്ധക്യകാല പെൻഷൻ	11/01/2021	46200

ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 പി.എച്ച്.സി-ക്ക് 2022-23 വർഷം വാങ്ങിയ റിവോൾവിംഗ് ചെയറുകൾ ഉപയോഗശൂന്യമായ നിലയിൽ

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി പ്രോജക്ട് നം 115/23-മൈലപ്ര പി.എച്ച്.സി.യിലേക്ക് ഫർണീച്ചറും ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിലായി ജെം മുഖേന 6 റിവോൾവിംഗ് ചെയറുകൾ വാങ്ങിയിരുന്നു. ഭുപീന്ദ്ര ട്രേഡിംഗ് കമ്പനി, ചണ്ഡീഗഢ് എന്ന സ്ഥാപനത്തിൽ നിന്നുമായിരുന്നു വാങ്ങിയത്. ഒരു കസേരയ്ക്ക് 4000 രൂപ നിരക്കിൽ ആകെ 24000 രൂപയായിരുന്നു ചെലവ്. മെഡിക്കൽ ഓഫീസറുടെ കൈപ്പറ്റ് രസീത് പ്രകാരം 19.01.2023-ലാണ് കസേരകൾ പി.എച്ച്.സിക്ക് ലഭിച്ചത്. 31.10.2023-ൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ 5 റിവോൾവിംഗ് ചെയറുകൾക്ക് കേടുപാട് സംഭവിച്ച് ഉപയോഗശൂന്യമായി ഇട്ടിരിക്കുന്നത് കാണാൻ കഴിഞ്ഞു. ജെം-ൽ നിന്നുള്ള രേഖകൾ പ്രകാരം 1 വർഷമാണ് കസേരകളുടെ വാറന്റി. കസേരകൾ കേടുപാടുകൾ പരിഹരിച്ച് ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.12/31.10.23) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കസേരകളുടെ കേടുപാടുകൾ സംബന്ധിച്ച് പി.എച്ച്.സി-യിൽ നിന്നും അറിയിച്ചിട്ടില്ലായെന്നും ഉടൻതന്നെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. വാറന്റി കാലയളവിനുള്ളിൽ തന്നെ കസേരകളുടെ കേടുപാടുകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-23 വെതർസ്റ്റേഷൻ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തണം. അതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് 28 /5/22 ലെ സ.ഉ.കൈ.115/22 /ത സ്വ ഭ വ(7 .8 .8)നിർദേശിക്കുന്നു. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-24 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും)ചട്ടം3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാ രോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. ചട്ടം3 (4) പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.5/25.11.23) മറുപടിയായി ദുരിതാശ്വാസനിധി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-25 ഹോമിയോ മരുന്നു വാങ്ങൽ -മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മൈലപ്ര ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ (പദ്ധതി നം - 12/23) മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും അനുവദിച്ച 2,00,000 രൂപ (ബിൽ

നം.22050252012001058285/18-01-2023) കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ 110949 രൂപയുടെ മരുന്നു ലഭ്യമായിട്ടില്ല. അടിയന്തരമായി മരുന്നു ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-26 നിർവ്വഹണോദ്യോഗസ്ഥർ ഫോറം 7എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

2011 കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ഫോറം 7 A ക്യാഷ് ബുക്കിൽ എല്ലാ സ്രോതസ്സിൽ നിന്നുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന നിർവഹണ ഉദ്യോഗസ്ഥർ അത്തരത്തിലുള്ള ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിച്ചിട്ടില്ല.

1.മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

2. വെറ്റിനറി സർജൻ

സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിക്കും പ്രകാരം ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.

1-27 പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ -മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ 4 പ്രോജക്കുകളിലായി മരുന്ന് വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ-ന് വികസനഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. ആയതിൽ 58160 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട്	ബിൽ വിവരം	ബിൽ തുക	ലഭിച്ച മരുന്നിന്റെ വില	ലഭിക്കാനുള്ള മരുന്നിന്റെ വില
1	18/23-പാലിയേറ്റീവ് കെയർ	22050252011800164765/31.05.2022	30018	27279	2739
2	11/23- പാലിയേറ്റീവ് കെയർ	22050252011800323963/01.07.2022	24851	22188	2663
		22050252011800854512/18.11.2022	3632	1857	1775

3	148/23-പിഎച്ച്സി-യിലേക്ക് മരുന്ന് വാങ്ങൽ	22050252011800229461/15.02.2023	100000	70129	29871
4	127/23-ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ	വൗച്ചർ നം. 22200514/30.11.2022	79773	58661	21112
	ആകെ		238274	180114	58160

സ്റ്റോക്ക് രജിസ്റ്ററിൽ മരുന്നുകളുടെ കാലാവധി രേഖപ്പെടുത്തുന്നില്ല. ആയത് കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. അവശേഷിക്കുന്ന മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-28 അഗതിരഹിത കേരളം-സമ്പൂർണ്ണലക്ഷ്യം കൈവരിച്ചിട്ടില്ല

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളെയും, നിലവിലെ ആശ്രയ കുടുംബങ്ങളെയും തുടർന്നും സേവനം അർഹരായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആകെ 95 ഗുണഭോക്താക്കളാണ് ഉള്ളത്. പദ്ധതിയിൽ തൻവർഷം ഭക്ഷ്യകിറ്റ് വിതരണം മാത്രമാണ് നടത്തിയിട്ടുള്ളത്.

ക്രമ നം	ഇനം	ഗുണഭോക്താക്കളുടെ എണ്ണം	നാളിതുവരെ ലഭിച്ചത്	ഇനിയും ആവശേഷിക്കുന്നത്
1	ഭക്ഷണം	38	38	0
2	വീട്	4	2	2
3	വീട് പുനരുദ്ധാരണം	9	7	2
4	ചികിത്സ	38	0	38

5	കുടിവെള്ളം	1	0	1
6	കക്കൂസ്	5	0	5

തൻവർഷം എല്ലാമാസവും ഭക്ഷണം വിതരണം ചെയ്ത വകയിൽ ആകെ 205266 രൂപ ചെലവായിട്ടുണ്ട്. ചലഞ്ച് ഫണ്ടിനത്തിൽ 526678 രൂപയും പദ്ധതിവിഹിതമായി 50000 രൂപയും ലഭിച്ചിട്ടുണ്ട്. 31.03.2023-ൽ 1848332 രൂപ ബാക്കിയുണ്ട്.

2019-20 മുതൽ 2022-23 വരെയായിരുന്നു പദ്ധതി കാലയളവ്. പദ്ധതിയുടെ കാലയളവ് ഏകദേശം കഴിഞ്ഞിട്ടും പദ്ധതി ലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സമൂഹത്തിലെ അശരണരായ കുടുംബങ്ങളെ കൂടി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ള ടി പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം വേണ്ടവിധത്തിൽ പഞ്ചായത്ത് നൽകിയിട്ടില്ല. അർഹരായ ഗുണഭോക്താക്കൾ നിലവിലുണ്ടായിട്ടും പദ്ധതിപ്പണം ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് അഭിലഷണീയമല്ല. ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലെ അവശേഷിക്കുന്ന ഭവനരഹിതർക്കും, ഭവന പുനരുദ്ധാരണം ആവശ്യമായ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ നൽകുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകേണ്ടതായിരുന്നു. എന്നാൽ പഞ്ചായത്ത് അത്തരം പരിഗണനകൾ നൽകിയിരുന്നില്ല. വരും വർഷങ്ങളിൽ അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അവരുടെ ആവശ്യകതയനുസരിച്ച് പ്രോജക്ടുകളിൽ മുൻഗണന നൽകി പദ്ധതി നിർവ്വഹണം നടത്താൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-29 കാലാവസ്ഥാ വ്യതിയാനം -പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ല

19-04-22 ലെ സ ഉ 84/2022/ത സ്വ ഭ വ പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി ഭൂപ്രകൃതി, ജനപ്രകൃതി, സാമ്പത്തികവ്യവസ്ഥ എന്നിവ സംബന്ധിച്ച പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനവും തന്മൂലം മനുഷ്യരുടെ

ജീവിതത്തിലും, ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യമുൾപ്പെടെയുള്ള സേവന മേഖലകളിലും കാലാവസ്ഥാ വ്യതിയാനം മുലം വന്ന വ്യത്യാസങ്ങളും, പ്രകൃതി വിഭവങ്ങൾ,ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ടായ മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട്(7.3.2)ജല സംരക്ഷണം, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറക്കാൻ, കാർബൺ ബഹിർഗമനം കുറക്കാൻ, ദുരന്ത ലഘൂകരണം, മേൽ സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ, മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ ഭാഗമാക്കണം (7.3.3) പദ്ധതി സംബന്ധിച്ച പരിശീലനം കില നൽകുന്നതാണ്. 22-23 വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടതാണ് (7.3.4).

മേൽ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.2/25.10.2023) ലഭ്യമാക്കിയ മറുപടിയിൽ 2023-24 സാമ്പത്തിക വർഷം കാലാവസ്ഥാ വ്യതിയാനവും പ്രാദേശികകർമ്മപദ്ധതി തയ്യാറാക്കൽ പ്രോജക്ട് നം 109/24 ആയി തയ്യാറാക്കിയിട്ടുണ്ട് എന്ന വിവരം അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-30 സദ്ഭരണ പദ്ധതി നടപ്പിലാക്കിയിട്ടില്ല

9-4-22 ലെ സ. ഉ. (കൈ) 84/2022/ത സ്വ ഭ വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മാർഗരേഖ 6.9 പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഓരോ സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് (6.9.1). പൊതു ജനങ്ങളുടെ പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനായി മാസത്തിലെ ആദ്യ ബുധനാഴ്ച ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അദാലത്ത് നടത്തി പരിഹാരം കാണേണ്ടതാണ് (6.9.2). സുതാര്യത, ജനപങ്കാളിത്തം എന്നീ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനം (TOTAL QUALITY MANAGEMENT) കാലികമായി പരിഷ്കരിക്കേണ്ടതാണ്(6.9.3). സദ്ഭരണ തത്വങ്ങൾക്ക് പുറമെ പൗരാവകാശ രേഖ, അറിയുവാനുള്ള അവകാശം, വാതിൽപ്പടി സേവനം എന്നിവ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടത് (6.9.6,6.9.7) എന്ന് മാർഗരേഖ നിർദ്ദേശിക്കുന്നു. സദ്ഭരണ പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/25.10.2023) ഈ വിഷയവുമായി ബന്ധപ്പെട്ട് മീറ്റിംഗ് കൂടുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് .മാർഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പദ്ധതി നടപ്പിലാക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	നീക്കിയിരിപ്പ്
കോന്നി ബ്ലോക്ക്പഞ്ചായത്ത്	26953	അങ്കണവാടി പോഷകാഹാര പദ്ധതി, 10/23	26953	ഇല്ല
,,	100,000	ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിനെ സബ്സിഡി, 61/23	100,000	,,

,,	43883	വന്യമൃഗങ്ങളിൽ നിന്നും വിളകൾക്ക് സംരക്ഷണം, 90/23	43883	,,
,,	10,00,000	ഭവനം വാസയോഗ്യമാക്കൽ, 99/23	10.00,000	,,
,,	360000	ലൈഫ് ഭവന പദ്ധതി (എസ്.സി.പി.), 105/23	360000	,,
,,	200000	ഞങ്ങളും കൃഷിയിലേയ്ക്ക്(വനിത), 128/23	200000	,,
	100000	ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിനെ സബ്സിഡി, 61/23	100000	
	50000	ആശ്രയ വിഹിതം . 151/23	50000	
	53039	തെങ്ങ് കൃഷി വികസനം, 114/23	53039	
	50000	അതിദരിദ്രർക്ക് ഭവന പുനരുദ്ധാരണം, 134/23	50000	
ജില്ലാ പഞ്ചായത്ത്	2000000	ലൈഫ് ഭവന പദ്ധതി (എസ്.സി.പി.), 105/23	2000000	,,

,,	120900	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, 43/23		,,
,,	248122	പാലിയേറ്റീവ് കെയർ, 11/23	248122	,,
ആകെ	4352897		4352897	

4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ പേര് (പ്രോജക്ട് നം.)	ഏജൻസി	തുക	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പ്രകാരം ചെലവ്	നീക്കിയിരിപ്പ്
1	പൈപ്പ് ലൈൻ എക്റ്റൻഷൻ (എസ്.001/23)	വാട്ടർ അതോറിറ്റി	809902	548605	261257
2	സ്ട്രീറ്റ് ടാപ്പ് ഡിസ്കണക്ഷൻ ഫീസ് ഒടുക്കൽ (എസ്.001/23)	വാട്ടർ അതോറിറ്റി	97600	97600	0

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം ചുവടെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന വായ്പ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	GO(MS)100/2018/LSGD/30.07.2018 1800000	1140000	457143		682854

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

2001-02	38	2003-04	3.3.7	പേഴും കാട് - വട്ടാം കുഴി കലുങ്ക് നിർമ്മാണം	നിയമസഭാസമിതിയുടെ പരിഗണനയിലാണ്

4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം)

ഓഡിറ്റ് വർഷത്തെ ആകെ വരവ്	65713247
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	67172359
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
ഇല്ല		

സി) <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
ഇല്ല		

ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഇല്ല		

4-10 <u>തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

വർഷം	ഓഡിറ്റ് റിപ്പോർട്ട് നം./തീയതി	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

1997-98	എൽ.എഫ്.പി.റ്റി.എ.പി2-194/02, തീയതി 15-01-2002	13
1998-99	എൽ.എഫ്.പി.റ്റി.എ.പി2-673/01, തീയതി 13-11-2001/ 29-12-2001	7
2000-01	എൽ.എഫ്.പി.റ്റി.എ.പി2-865/01, തീയതി 16-08-2002	3
2001-02	എൽ.എഫ്.പി.റ്റി.എ.പി2-41/03, തീയതി 03-04-2003/ 29-11-03	1
2003-04	എൽ.എഫ്.പി.റ്റി.എ.പി2-46/05, തീയതി 15.02.2005/12.08.2005	3
2004-05	എൽ.എഫ്.പി.റ്റി.എ.പി2.727/06.12.11.2007	-
2005-06	എൽ.എഫ്.പി.റ്റി.എ.പി5.747/08;10.01.2011	-
2006-07	എൽ.എഫ്.പി.റ്റി.എ.പി9.714/09;21.01.2011	-
2007-08	എൽ.എഫ്.പി.റ്റി.എ.പി9-895/11, തീയതി 08.12.2011	14
2010-11	എൽ.എഫ്.പി.റ്റി.എ.പി9-423/13, തീയതി 06-09-2013/10-12-13	1 (3-8)
2011-12	എൽ.എഫ്.പി.റ്റി.എ.പി9-424/13, തീയതി 11-09-2013	11 (3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-17, 3-19)
2013-14 &2014-15	കെ.എസ്.എ. പി.റ്റി.എ/പി9/329/2016; തീയതി:23.03.2016	2(3-3, 3-4)
2015-16	കെ.എസ്.എ പി.റ്റി.എ.പി9/68/2017 തീയതി.10.02.2017	1(3-2)
2016-17	കെ.എസ്.എ പി.റ്റി.എ.പി9/1224/2017 തീയതി.04.11.2017	2 (2-1, 2-3)

2017-18	കെ.എസ്.എ പി.റ്റി.എ.പി9/158/2019 തീയതി.01.03.2019	1(3-2)
2018-19	കെ.എസ്.എ പി.റ്റി.എ.പി9/93/2020 തീയതി.11.03.20	1 (1-15)
2019-20	കെ.എസ്.എ പി.റ്റി.എ.പി9 - 306/2022 തീയതി. 24/03/2022	10(1-12, 1-15, 1-17(1)(2)(3), 1-18, 1-19, 1-22, 1-23, 1-24, 4-1, 4-2
2020-21	കെ.എസ്.എ പി.റ്റി.എ.പി9 - 665/2022 തീയതി. 12/07/2022	4(1-13, 1-14, 1-16, 4-2)
2021-22	കെ.എസ്.എ.പി.റ്റി.എ.പി 9/106/23/തീ. 28/03/23	എല്ലാ ഖണ്ഡികകളും

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 10-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the MYLAPRA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of MYLAPRA Grama Panchayat for the year 2022-2023

Date: 09/11/2023 **Deputy Director**

Audit Report appended to the Audit Certificate of MYLAPRA Grama Panchayat for the Year 2022-2023.

1.Major Observations

2.Other Observations

1.The mandatory financial statements such as notes on account and ratios prescribed in accounting rules are not submitted for audit

2. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents

3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register
4. Health grants posted in wrong account code.
5. The closing balance of Central finance commission tied and untied grant has not been matched with passbook balance.

6. The closing balance of Secured loan from state goverment has not been matched with register.

7. DCB of properly tax has not been matched with sanchaya software.
8.Demand for property tax is not made in time.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്